# Bishop Chulaparambil Memorial College @ M.G. University Youth Festival 2018-19

Bishop Chulaparambil Memorial College had an active participation in the M.G. University Youth Festival of 2018-19 academic year. Student union ‘Nirjara’ and its staff advisors headed the preparations. The youth festival ‘Alathalam’ was held in Kottayam from 28th February to 4th March, 2019. Bishop Chulaparambil Memorial College itself was the stage for the literary events of the youth festival. More than 5000 students from around 250 colleges participated in the youth festival.

76 students represented the college in various items.37 of them participated in individual items and 39 students in group events.




Bishop Chulaparambil Memorial College won prizes in 3 group events and one individual item.

- ➢ First position in Kalajadha
- ➢ Second position in Group Dance
- ➢ Third position in Oppana
- ➢ Subitha Sudhakaran of 3rd D.C English secured a prize in English poetry writing.




*B.C.M in Group Dance*



*Oppana Team*


L ACADEMY
ജി. സർവ്വകലാശാല
കലോത്സവം
അലത്താളം
2019
ഫെബ്രു.28.– മാർച്ച് 4
കോട്ടയം


BCM COLLEGE
KOTTAYAM


PARADE GROUND





*B.C.M. in Kalajadha*



ട്ടത്തവണയായി അടയ്ക്കാം. നികുതി അടയ്ക്കാൻ രാവിലെ ഒമ്പ തുമുതൽ വൈകുന്നേരം അഞ്ചുവരെ സമയം ക്രമീകരിച്ചിട്ടുണ്ട്.

വഹിക്കും. പഞ്ചായത്ത് പ്രസിഡന്റ് മാത്തച്ചൻ പാമ്പാടി അധ്യക്ഷത വഹിക്കും.

എംജി യൂണിവേഴ്സിറ്റി കലോത്സവം അലത്താളത്തിനു മുന്നോടിയായി നടന്ന സാംസ്കാരിക ഘോഷയാത്രയിൽ മികച്ച രീതിയിൽ അണിനിരന്നതിന് ഒന്നാംസ്ഥാനം നേടിയ കോട്ടയം ബിസിഎം കോളജിനുവേണ്ടി യൂണിയൻ ഭാരവാഹികൾ കലോത്സവ സംഘാടകസമിതി രക്ഷാധികാരി വി.എൻ.വാസവനിൽനിന്ന് ട്രോഫി ഏറ്റുവാങ്ങുന്നു. - ദീപിക

## കാരിത്താസിൽ



ലത്താളത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് കോട്ടയം പോലീസ് പരേഡ് ഗ്രൗണ്ടിൽനിന്ന് ആരംഭിച്ച
എത്തിയപ്പോൾ ചെണ്ടമേളത്തിനൊപ്പം ആവേശത്തോടെ ബിസിഎം കോളജിലെ വിദ്യാർഥിനികൾ.

# വേശമായി ഘോഷയാത്ര



**അലത്താളത്തിന്റെ ഉദ്ഘാടനത്തിനു മുന്നോടിയായി നടന്ന ഘോഷയാത്രയിൽ നിപ്പയ്ക്കെതിരേ പോരാടി മരിച്ച നഴ്സ് ലിനി, ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട വീരജവാൻ വസന്തകുമാർ എന്നിവരുടെ ചിത്രങ്ങളുമായി വിദ്യാർഥികൾ.**

രം അർപ്പിച്ചുകൊണ്ടായിരുന്നു ഘോഷയാത്ര. ചെണ്ടമേളത്തിന്റെയും നാസിക് ഡോളിന്റെയും അകമ്പടിയോടെ മയിലാട്ടം, തെയ്യം, തിറ, കൊട്ടക്കാവടി, ആട്ടക്കാവടി തുടങ്ങിയ കലാരൂപങ്ങൾ അണിനിരന്നതോടെ ഘോഷയാത്ര നഗരത്തിന് ആവേശമായി.

ഓരോ കലാലയവും പ്രത്യേക ബാനറിനു കീഴിലാണ് അണിനിരന്നത്. ഭീകരർക്കെതിരേയുള്ള ഇന്ത്യൻ സൈന്യത്തിന്റെ

ൻഎസ്എസ് കോളജിന്റെ ഫ്ളോട്ടും പ്രളയ കാലത്ത് മത്സ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനം അവതരിപ്പിച്ച ബിസിഎം കോളജിന്റെ സ്കിറ്റും ശ്രദ്ധേയമായി.

ഘോഷയാത്രയിൽ മികച്ച രീതിയിൽ അണിനിരന്നതിന് കോട്ടയം ബിസിഎം കോളജ് ഒന്നാം സ്ഥാനവും ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളജ് രണ്ടാം സ്ഥാനം ചങ്ങനാശേരി എൻഎസ്എസ് ഹിന്ദു കോളജ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി

2019 മാർച്ച് 1 വെള്ളി

# ിയേറി മക്കളേ...

ക്കം

...വാന്മാർക്ക് ...നു. ഒരടിപ്പൻ ...വർ ഉദ്ഘാട ...ർന്നിരുന്നു. ...ർവകലാശാല ...ധ്യക്ഷനായി. ...ഷണൽ സ്ഫീ ...രേഷ് കുറുപ്പ് ...ിയ

## ബിസിഎം മിന്നിച്ചേ...

നാളുകളുടെ ഇടവേളയ്ക്കു ശേഷം തിരിച്ചെത്തിയ കലോത്സവ ഘോഷയാത്രയിൽ മിന്നിച്ചത് ബിസിഎം പെൺപുലികൾ. നിരത്തു നിറഞ്ഞു താളമേളങ്ങളോടെ സുന്ദരിമാർ അണിനിരന്നു. മുണ്ടും തലക്കെട്ടും റെയ്ബാൻ ഗ്ലാസുമായി ബിസിഎം കോളജിലെ കുട്ടികൾ ഓളം തീർത്തപ്പോൾ കണ്ടു നിന്നവർ പോലും കയ്യടിച്ചു. ഘോഷയാത്രയിലെ മികച്ച കോളജെന്ന പട്ടം ബിസിഎമ്മിനു തന്നെ സ്വന്തം. ഏറ്റുമാനൂരപ്പൻ കോളജ് രണ്ടാം സ്ഥാനം നേടി. റോഡിൽ നൃത്തച്ചുവടുമായെത്തിയ ചങ്ങനാശേരി എൻഎസ്എസിനാണു മൂന്നാം സ്ഥാനം.




naonline.com/local 2019 മാർച്ച്

ടും ചൂട്. നീണ്ടു
ുന്ന മത്സരങ്ങൾ.
ളർപ്പം തണുപ്പി
ാം. കോട്ടയത്ത്
ജി സർവകലാ
ാല കലോത്സവ
ായ സിഎംഎസ്
ളജിലെ കാഴ്ച.

**എംജി യൂണിവേഴ്സിറ്റി കലോത്സവം**

# 'അലത്താള'ത്തിന് ഇന്ന് അക്ഷരനഗരിയിൽ കൊടിയേറ്റം

**കോട്ടയം:** കലയുടെ അലത്താളത്തിന് ഇന്ന് അക്ഷരനഗരിയിൽ കൊടിയേറ്റം. എംജി യൂണിവേഴ്സിറ്റിയിലെ കലാലയപ്രതിഭകളുടെ അഞ്ചു നാൾ നീളുന്ന സർഗോത്സവത്തിന് ഇന്നു തുടക്കമാകും. അക്ഷരങ്ങളുടെയും സാക്ഷരതയുടെയും വെള്ളിവെളിച്ചത്തിൽ പ്രശോഭിതമായ നഗരത്തിൽ യുവതയുടെ ആട്ടവും പാട്ടും അഭിനയവുമൊക്കെയായി കലാലയങ്ങളും കലാപ്രതിഭകളും സർഗവസന്തം തീർക്കും.

കോട്ടയം, എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലായുള്ള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മുന്നൂറിലധികം കോളജുകളിൽ നിന്നായി 57 ഇനങ്ങളിലായി 5000ത്തിലധികം മത്സരാർഥികൾ അഞ്ചു ദിവസങ്ങളിലായി നടക്കുന്ന കലോത്സവത്തിൽ പങ്കെടുക്കും. മൂന്നു വർഷത്തെ ഇടവേളയ്ക്കുശേഷമാണ് എംജി യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം കോട്ടയത്തെത്തുന്നത്.



ഇന്ന് ആരംഭിക്കുന്ന എംജി സർവകലാശാല കലോത്സവം 'അലത്താള'ത്തിനു മുന്നോടിയായി ബിസിഎം കോളജ് വിദ്യാർഥിനികൾ ഷെന പരിശീലനത്തിൽ. -ദീപിക

### നഗരത്തിനു വിരുന്നായി സാംസ്കാരിക ഘോഷയാത്ര

അക്ഷരമുറ്റത്തെ കലാലയങ്ങളിലെ വിദ്യാർഥികൾ അണിനിരക്കുന്ന വർണശബളമായ സാംസ്കാരിക ഘോഷയാത്രയോടെയാണു കലോത്സവത്തിനു കൊടിയേറുന്നത്. ഉച്ചകഴിഞ്ഞ് രണ്ടിനു പോലീസ് പരേഡ് ഗ്രൗണ്ടിൽ നിന്നും സാംസ്കാരിക ഘോഷയാത്ര ആരംഭിക്കും. വിവിധ കലാലയങ്ങൾ പ്രത്യേക ബാനറിനു കീഴിൽ അണിനിരക്കുന്ന ഘോഷയാത്രയിൽ നിശ്ചല ദൃശ്യങ്ങളും ഫ്ളോട്ടുകളും ഉണ്ടാകും. കഥകളി, തെയ്യം, മാർഗംകളി, തിരുവാതിര, കോൽക്കളി തുടങ്ങിയ കലാരൂപങ്ങളും ഘോഷയാത്രയിൽ അണിനിരക്കും. ഏറ്റവും നന്നായി അണിനിരക്കുന്ന കലാലയത്തിന് ഉദ്ഘാടന സമ്മേളനത്തിൽ പ്രത്യേക സമ്മാനവും ഉണ്ടായിരിക്കും.

### നഗരമുറ്റത്ത് ഏഴു വേദികൾ

തിരുനക്കര മൈതാനമാണു പ്രധാനവേദി. സിഎംഎസ് കോളജ്, ബസേലിയസ് കോളജ്, ബിസിഎം കോളജ് എന്നിവിടങ്ങളിലായി ഏഴു വേദികളിലാണു മത്സരങ്ങൾ നടക്കുന്നത്. അകാലത്തിൽ പൊലിഞ്ഞ വിദ്യാർഥി നേതാവ് അഭിമന്യു, മുൻ എംഎൽഎ സൈമൺ ബ്രിട്ടോ, ചലച്ചിത്ര സംവിധായകൻ ലെനിൻ രാജേന്ദ്രൻ, വയലിനിസ്റ്റ് ബാലഭാസ്കർ, സിനിമാ സംവിധായകൻ മൃണാൾ സെൻ, നിപ്പ വൈറസ് ബാധയ്ക്കെതിരെ പോരാടി മരണപ്പെട്ട നഴ്സ് ലിനി, ചലച്ചിത്രതാരം ക്യാപ്റ്റൻ രാജു എന്നിവരുടെ പേരുകളിലാണു വേദികൾ അറിയപ്പെടുന്നത്.

### കൈപിടിച്ചുയർത്തിയവർക്ക് സ്നേഹാദരവ്

പ്രളയത്തിൽനിന്നു കേരളത്തെ കൈപിടിച്ചുയർത്തിയ മത്സ്യത്തൊഴിലാളികളോടുള്ള വിദ്യാർഥികളുടെ ആദരവായിട്ടാണു കലോത്സവത്തിന് അലത്താളം എന്നു പേരിട്ടിരിക്കുന്നത്. പ്രളയസമയത്ത് രക്ഷാപ്രവർത്തനത്തിനു മുന്നിട്ടിറങ്ങി തന്റെ ശരീരം തന്നെ ചവിട്ടുപടിയാക്കിയ മത്സ്യത്തൊഴിലാളി ജൈസലിനെ ഉദ്ഘാടന വേദിയിൽ ആദരിക്കും. കലോത്സവത്തിന്റെ സ്വാഗതസംഘം രക്ഷാധികാരി വി.എൻ. വാസവനാണ് അനുമോദനവും ഉപഹാരസമർപ്പണവും നടത്തുന്നത്.

### തിരുവാതിരയോടെ തുടക്കം

തിരുനക്കരമൈതാനത്തെ പ്രധാനവേദിയിൽ നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിനുശേഷം രാത്രി ഏഴിനു തിരുവാതിര മത്സരത്തോടെയാണു കലാമത്സരങ്ങൾ ആരംഭിക്കുന്നത്. സിഎംഎസ് കോളജ് ഗ്രേറ്റ് ഹാളിലെ വേദി രണ്ടിൽ മൂകാഭിനയവും ബസേലിയസ് കോളജിലെ വേദി മൂന്നിൽ കേരളനടനമത്സരവും നടക്കും.

### ഉദ്ഘാടനം ചലച്ചിത്രതാരം ഹരിശ്രീ അശോകൻ

ഘോഷയാത്രയെ തുടർന്നു പ്രധാനവേദിയായ തിരുനക്കര മൈതാനത്തു ചേരുന്ന സമ്മേളനത്തിൽ ചലച്ചിത്രതാരം ഹരിശ്രീ അശോകൻ കലോത്സവം ഉദ്ഘാടനം ചെയ്യും. ചലച്ചിത്രതാരങ്ങളായ മിയ ജോർജ്, അനൂപ് ചന്ദ്രൻ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. ഹരിശ്രീ അശോകൻ സംവിധാനം ചെയ്യുന്ന ആൻ ഇന്റർനാഷണൽ ലോക്കൽ സ്റ്റോറി എന്ന സിനിമയുടെ അണിയറ പ്രവർത്തകരും സമ്മേളനത്തിൽ പങ്കെടുക്കും. സർവകലാശാല യൂണിയൻ ചെയർമാൻ എസ്. നിഖിൽ അധ്യക്ഷത വഹിക്കും. എംജി യൂണിവേഴ്സിറ്റി ആക്ടിംഗ് വൈസ് ചാൻസലർ ഡോ. സാബു തോമസ്, സ്വാഗതസംഘം ചെയർമാൻ കെ. സുരേഷ്കുറുപ്പ് എംഎൽഎ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, നഗരസഭ ചെയർപേഴ്സൺ ഡോ.പി.ആർ. സോന, വി.എൻ. വാസവൻ, ബസേലിയസ് കോളജ് പ്രിൻസിപ്പൽ ഡോ. ജാൻസി തോമസ്, ബിസിഎം കോളജ് പ്രിൻസിപ്പൽ പ്രഫ. ജോസഫിന സൈമൺ, സിൻഡിക്കേറ്റംഗങ്ങൾ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കും.


ജപ്പാനിൽ ജോലി

CARETAKER | MANUFACTURING | CHEFS
WELDING | AUTOMOTIVE | HOUSEMAIDS

ELIGIBILITY : GNM / BSC NURSING / DIPLOMA
Salary 1 to 1.5 lakhs | Age: 22 to 40

LK ONLINE
Behind Metro Station (B), Kaloor Jn., Kochi



workinjapan2019@gmail.com / 94473 22893 / 94473 82893

E1901 392425



**അറിയിപ്പ്**

കോട്ടയം ജില്ലയിൽ, വൈക്കം താലൂക്കിൽ, വെച്ചൂർ വില്ലേജിൽ, കുടവെച്ചൂർ കരയിൽ കാവുംപള്ളി ഭവനത്തിൽ നിന്നും രേവതിയിൽ താമസം കൃഷ്ണൻകുട്ടി നായർ മകൻ എം.കെ. സനിൽ കുമാറിന് തലയോലപ്പറമ്പ് എസ്.ആർ.ഒയിലെ 737/2015-ാം നമ്പർ ഭാഗ ഉടമ്പടി പ്രകാരം സിദ്ധിച്ച വെച്ചൂർ വില്ലേജിൽ സർവ്വേ 376/4/7, പെട്ട 13.74 ആർ വസ്തു ഈട് വെച്ച് വായ്പ എടുക്കുന്നതിന് ടിയാൾ Repco Home Finance Ltd-ന്റെ കോട്ടയം ശാഖയെ സമീപിച്ചിട്ടുള്ളതാകുന്നു. ടി വസ്തുവിന്റെ മുന്നാധാരമായ വൈക്കം എസ്.ആർ.ഒ 3272/1971 നമ്പർ ഭാഗ ഉടമ്പടി ടിയാളുകളുടെ കൈവശത്തിൽനിന്നും നഷ്ടപ്പെട്ടുപോയിട്ടുള്ളതാണ്. ടി വസ്തുവിൽ സ്ഥാപിച്ച് ആർക്കെങ്കിലും എന്തെങ്കിലും അവകാശ ബാധ്യതകളോ തടസ്സങ്ങളോ ഉള്ള പക്ഷം ആയത് ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം Repco Home Finance Ltd-ന്റെ കോട്ടയം ശാഖാ മാനേജരെയോ താഴെ കാണുന്ന വിലാസത്തിലോ രേഖാമൂലം അറിയിച്ച് രസീത് വാങ്ങേണ്ടതും, അല്ലാത്തപക്ഷം ഈ വസ്തുവിൽ സ്ഥാപിച്ച് യാതൊരു ബാധ്യതകളുമില്ലെന്ന് കണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്), കുരുവിള വർഗീസ്
അഡ്വക്കേറ്റ്, കോട്ടയം
ഫോൺ: 9446712636

കോട്ടയം, 28-02-2019

K1902-394796



ദീപിക Thu, 28 February 2019
https://epaper.deepika.com/c/37147175


**B.C.M in News**